എ.വൈ.ആർ

സൂറ-10

# യൂനുസ്

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَـٰتِهِۦٓ ۚ إِنَّهُۥ لَا يُفْلِحُ
ٱلْمُجْرِمُونَ ﴿١٧﴾

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰٓؤُلَآءِ
شُفَعَـٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ
وَلَا فِى ٱلْأَرْضِ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

وَمَا كَانَ ٱلنَّاسُ إِلَّآ أُمَّةً وَٰحِدَةً فَٱخْتَلَفُوا۟ ۚ وَلَوْلَا كَلِمَةٌ سَبَقَتْ
مِن رَّبِّكَ لَقُضِىَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ ﴿١٩﴾

17 വ്യാജസൂക്തങ്ങൾ ചമച്ച് അല്ലാഹുവിന്റെ പേരിൽ ആരോപിക്കുകയോ യഥാർഥ ദൈവിക സൂക്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ ധിക്കാരിയായവൻ ആരുണ്ട്?! എന്നാൽ പാപികൾ വിജയിക്കാൻ പോകുന്നില്ല.

18 ഈ ജനം അല്ലാഹുവിനെ കൂടാതെ തങ്ങൾക്ക് ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിവില്ലാത്തവരെ ആരാധിച്ചുകൊണ്ടിരിക്കുന്നു; ഈ ആരാധ്യർ അല്ലാഹുവിങ്കൽ ഞങ്ങളുടെ ശിപാർശകരാണെന്ന് ഘോഷിക്കുകയും ചെയ്യുന്നു. പ്രവാചകൻ അവരോടു ചോദിക്കുക: വാനലോകത്തും ഭൂലോകത്തും അല്ലാഹുവിന് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അവന് പറഞ്ഞുകൊടുക്കുകയാണോ നിങ്ങൾ?! അവനോ, അതീവ പരിശുദ്ധനും ഇക്കൂട്ടർ ആരോപിക്കുന്ന പങ്കുവെക്കലുകൾക്കെല്ലാം അതീതനുമാകുന്നു.

19 ആദിയിൽ മനുഷ്യരൊക്കെയും ഒരൊറ്റ സമുദായമായിരുന്നു. പിന്നീടവർ ഭിന്നിച്ചുകളഞ്ഞു. നിന്റെ നാഥങ്കൽനിന്ന് നേരത്തെ ഒരു വചനം ഉണ്ടായിരുന്നില്ലെങ്കിൽ പരസ്പരം ഭിന്നിച്ച കാര്യങ്ങളെക്കുറിച്ച് അവർക്കിടയിൽ ഇപ്പോൾതന്നെ വിധികൽപിക്കപ്പെട്ടേനെ.

فَمَنْ أَظْلَمُ= ഏറ്റം അധർമിയായവൻ, ധിക്കാരിയായവൻ ആരുണ്ട്

مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ= (ആരോപിച്ചവനെക്കാൾ) അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചവനെക്കാൾ كَذِبًا= (വ്യാജസൂക്തങ്ങൾ) കള്ളം

أَوْ كَذَّبَ= അല്ലെങ്കിൽ തള്ളിപ്പറഞ്ഞവനെക്കാൾ بِـَٔايَـٰتِهِۦ= (യഥാർഥ ദൈവിക സൂക്തങ്ങളെ) അവന്റെ സൂക്തങ്ങളെ

إِنَّهُۥ= എന്നാൽ കാര്യം തീർച്ചയായും لَا يُفْلِحُ= (വിജയിക്കാൻ പോകുന്നില്ല) വിജയിക്കുകയില്ല ٱلْمُجْرِمُونَ= പാപികൾ, കുറ്റവാളികൾ

وَيَعْبُدُونَ= ആരാധിച്ചുകൊണ്ടിരിക്കുന്നു, അവർ വഴിപ്പെടുന്നു مِن دُونِ ٱللَّهِ= അല്ലാഹുവിനെക്കൂടാതെ

مَا لَا يَضُرُّهُمْ= (ക്കാൻ കഴിയാത്തതിനെ) അവരെ ഉപദ്രവിക്കാത്തതിനെ

وَلَا يَنفَعُهُمْ= (ഉപകാരം ചെയ്യാൻ കഴിയാത്തതിനെയും) അവർക്ക് ഉപകരിക്കാത്തതിനെയും

وَيَقُولُونَ= (ഘോഷിക്കുകയും ചെയ്യുന്നു) അവർ പറയുന്നു هَـٰٓؤُلَآءِ= (ഈ ആരാധ്യർ) ഇക്കൂട്ടർ

നീ (പ്രവാചകൻ) അവരോട് (ചോദിക്കുക)പറയുക =قُلْ അല്ലാഹുവിങ്കൽ =عِندَ ٱللَّهِ ഞങ്ങളുടെ ശിപാർശകർ ആകുന്നു =شُفَعَـٰٓؤُنَا

നിങ്ങൾ അല്ലാഹുവിനെ അറിയിക്കുകയാണോ, പറഞ്ഞുകൊടുക്കുകയാണോ =أَتُنَبِّـُٔونَ ٱللَّهَ

ആകാശങ്ങളിൽ(വാനലോകത്തും) =فِى ٱلسَّمَـٰوَٰتِ അവന് അറിഞ്ഞുകൂടാത്തത് (കാര്യങ്ങൾ) =بِمَا لَا يَعْلَمُ

അവനോ അതീവ പരിശുദ്ധനാകുന്നു =سُبْحَـٰنَهُۥ ഭൂലോകത്തും ഇല്ല (അവന്ന് അറിഞ്ഞുകൂടാത്ത) =وَلَا فِى ٱلْأَرْضِ

അവർ പങ്കുചേർക്കുന്നതി(വെക്കലുകളി)ൽനിന്നൊക്കെയും =عَمَّا يُشْرِكُونَ ഉന്നതനു(അതീതനു)മാകുന്നു =وَتَعَـٰلَىٰ

ഒറ്റ =وَٰحِدَةً ഒരു സമുദായം അല്ലാതെ =إِلَّآ أُمَّةً മനുഷ്യർ (ഒക്കെയും)ആയിരു(ന്നു)ന്നില്ല =وَمَا كَانَ ٱلنَّاسُ

(നേരത്തെ)ഒരു വചനം മുൻകടന്നിട്ടില്ലായിരുന്നുവെങ്കിൽ =وَلَوْلَا كَلِمَةٌ سَبَقَتْ പിന്നീട് അവർ ഭിന്നിച്ചുകളഞ്ഞു =فَٱخْتَلَفُوا۟

അവർക്കിടയിൽ =بَيْنَهُمْ തീർച്ചയായും വിധിക്കപ്പെട്ടേനെ =لَقُضِىَ നിന്റെ നാഥനിൽനിന്ന് =مِن رَّبِّكَ

അവർ ഭിന്നിക്കുന്നതെന്തോ അതിൽ (പരസ്പരം ഭിന്നിക്കുന്ന കാര്യങ്ങളെക്കുറിച്ചു) =فِيمَا فِيهِ يَخْتَلِفُونَ

**17:** ഇനി ഞാൻ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയും പ്രവാചകത്വം വ്യാജമായി അവകാശപ്പെടുകയും തന്നെയാണെങ്കിൽ അതിഭയങ്കരമായ പാതകമാണത്. എന്റെ പൂർവകാല ജീവിതം മനസ്സിലാക്കിയിട്ടുള്ള ആരുടെയെങ്കിലും മനഃസാക്ഷി, ഞാൻ അത്തരമൊരു പാതകം ചെയ്യുന്നവനാണെന്ന് സമ്മതിക്കുമോ? വ്യാജസൂക്തങ്ങൾ കെട്ടിച്ചമച്ച് ദൈവത്തിലേക്ക് ചേർക്കുന്നതുപോലെ തന്നെ മഹാപാതകമാണ് യഥാർഥ ദൈവിക സൂക്തങ്ങളെ തള്ളിപ്പറയുന്നതും. അതിനാൽ പ്രവാചകൻ സത്യവാനാണെങ്കിൽ അദ്ദേഹത്തിന്റെ സന്ദേശത്തെ തള്ളിപ്പറയുന്നവർ മഹാപാപികളായിത്തീരുന്നു. മഹാപാതകികൾ ആരായാലും വിജയിക്കാൻ പോകുന്നില്ല.

ഇവിടെ പരാമർശിക്കുന്ന فلاح (വിജയം) അന്തിമ വിജയമാണ്. വ്യാജ പ്രവാചകന്മാർക്കും ചിലപ്പോൾ ആളുകളെ പറ്റിച്ച് കുറെകാലം വിലസാൻ കഴിഞ്ഞേക്കും. അതുപോലെ സത്യപ്രവാചകന്മാരെ തള്ളിപ്പറയുന്നവരും താൽക്കാലിക വിജയങ്ങൾ കൊയ്തേക്കും. എന്നാൽ അന്തിമ വിജയം രണ്ടു കൂട്ടർക്കും നേടാൻ സാധിക്കുകയില്ല. ഇഹത്തിലും പരത്തിലും പ്രവാചകന്മാർക്കും അവരുടെ പ്രതിയോഗികൾക്കുമിടയിൽ നടക്കുന്ന സത്യാസത്യസംഘട്ടനത്തിൽ അന്തിമവിജയം സത്യത്തിനായിരിക്കുക അനിവാര്യമാകുന്നു. മറ്റൊരിടത്ത് അല്ലാഹു പ്രസ്താവിക്കുന്നുണ്ട്:

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥٓ أُو۟لَـٰٓئِكَ فِى ٱلْأَذَلِّينَ ﴿٢٠﴾ كَتَبَ ٱللَّهُ لَأَغْلِبَنَّ أَنَا۠ وَرُسُلِىٓ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢١﴾

(അല്ലാഹുവിനോടും അവന്റെ ദൂതനോടും പോരടിക്കുന്നവർ അതിനീചന്മാരിൽ പെട്ടവർ തന്നെയാകുന്നു. ഞാനും എന്റെ ദൂതന്മാരും തീർച്ചയായും അതിജയിക്കുമെന്ന് അല്ലാഹു വിധിച്ചു കഴിഞ്ഞിരിക്കുന്നു. നിശ്ചയം അല്ലാഹു അതിശക്തനും അജയ്യനുമാകുന്നു" - 58: 20,21). അനിവാര്യമായ ഈ അതിജയിക്കൽ പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തിലും ഉണ്ടാകും. നിഷേധികളായ പാപികളുടെ പതനം അതിന്റെ മറുവശമാണ്.

മുഹമ്മദ് നബി ഖുറൈശികളോട് പറയുന്നത് ഇതാണ്. ഞാൻ സത്യപ്രവാചകനാണെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. അതിനാൽ ഞാനും എന്റെ പ്രബോധനവും വിജയിക്കുക തന്നെ ചെയ്യും. ഞാൻ ദൈവദൂതനാണെന്നും നിങ്ങളെ ഓതിക്കേൾപ്പിക്കുന്നത് ദൈവിക സന്ദേശമാണെന്നും നിങ്ങൾക്കും നല്ലവണ്ണം അറിയാം. എന്നിട്ടും നിങ്ങളതിനെ തള്ളിപ്പറയുക എന്ന മഹാപാതകം ചെയ്യുകയാണ്. തീർച്ചയായും മഹാപാതകികൾ വിജയിക്കാൻ പോകുന്നില്ല. ഇന്നല്ലെങ്കിൽ നാളെ അവർ പരാജയപ്പെടുക തന്നെ ചെയ്യും.

ഈ വാക്യത്തിലെ يُفْلِحُ എന്ന വാക്കിന് ദീർഘായുസ്സാവുക, ഭൗതിക സൗഭാഗ്യങ്ങൾ നേടുക എന്നൊക്കെ ചിലർ അർഥം കൽപിക്കുന്നുണ്ട്. എന്നിട്ടതിനെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: വ്യാജപ്രവാചകന്മാർ ഉടനെ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യും. അവർക്ക് ഭൗതിക സൗഭാഗ്യങ്ങളൊന്നും നേടാനാവില്ല. ഒരാൾ പ്രവാചകത്വം വാദിച്ചിട്ട് ദീർഘകാലം ജീവിച്ചിരിക്കുകയും ഭൗതികമായ സുഖസൗകര്യങ്ങൾ നേടുകയും ചെയ്യുന്നുവെങ്കിൽ അയാൾ സത്യപ്രവാചകനാണെന്നു മനസ്സിലാക്കണം. എന്നാൽ ഭാഷയിൽ فلاح എന്ന പദത്തിന് ദീർഘായുസ്സ് എന്നോ ഭൗതിക സൗഭാഗ്യം എന്നോ അർഥമില്ല. വിളവെടുക്കുക അഥവാ പ്രവർത്തനത്തിന്റെ ഫലം പ്രാപിക്കുകയാണ് فلاح. കൃഷിയുടെ വിജയമാണ് വിളവെടുപ്പ്. പ്രവർത്തനത്തിന്റെ വിജയമാണ് ഫലപ്രാപ്തി. ഈയടിസ്ഥാനത്തിലാണ് فلاح വിജയമാകുന്നത്. വ്യാജപ്രവാചകന്മാരുടെയും സത്യപ്രവാചകന്മാരെ തള്ളിപ്പറയുന്നവരുടെയും പ്രവർത്തനം അന്തിമമായി പാഴായിപ്പോകുമെന്നാണിവിടെ വ്യക്തമാകുന്നത്. അല്ലാതെ, വ്യാജപ്രവാചകന്മാരെയും സത്യപ്രവാചകന്മാരെയും വേർതിരിക്കാനുള്ള മാനദണ്ഡമവതരിപ്പിക്കുകയല്ല. لَا يُفْلِحُ ٱلْمُجْرِمُونَ എന്ന വാക്യം വ്യാജപ്രവാചകന്മാരെയെന്ന പോലെ സത്യപ്രവാചകന്മാരെ നിഷേധിക്കുന്നവരെയും ഉൾക്കൊള്ളുന്നുണ്ട്. ദീർഘായുസ്സ്, ഭൗതിക സുഖം തുടങ്ങിയ അർഥങ്ങളിലെടുത്താൽ സത്യപ്രവാചകന്മാരെ നിഷേധിക്കുന്നവർ വേഗം വധിക്കപ്പെടുകയോ മരിച്ചുപോവുകയോ ചെയ്യുമെന്നും അവർക്ക് ഭൗതിക നേട്ടങ്ങളെല്ലാം വിലക്കപ്പെടുമെന്നും കൂടി സമ്മതിക്കേണ്ടിവരും. അങ്ങനെയൊന്നും സംഭവിക്കുന്നില്ലെങ്കിൽ അവർ നിഷേധിക്കുന്നത് വ്യാജപ്രവാചകനെത്തന്നെയാണെന്നും സമ്മതിക്കണം. പ്രവാചകന്മാരെ മാത്രമല്ല, സാക്ഷാൽ ദൈവത്തെപ്പോലും തള്ളിപ്പറയുന്ന എത്രയോ ആളുകൾ ദീർഘായുഷ്മാന്മാരും ഭൗതികലോകത്ത് സുഖസമൃദ്ധരുമായി വാഴുന്നതിന് ഇന്നോളമുള്ള ചരിത്രം സാക്ഷിയാണ്.

**18:** മുൻ സൂക്തത്തിൽ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നതിന്റെ ഗൗരവം വ്യക്തമാക്കിയതിനെത്തുടർന്ന്, അങ്ങനെ കെട്ടിച്ചമക്കുന്ന ഏറ്റവും വലിയ കളവിനെക്കുറിച്ചു പറയുകയാണ്. അല്ലാഹുവിന് പങ്കാളികളുണ്ടെന്ന വാദവും ആ സാങ്കൽപിക പങ്കാളികൾക്ക് മനുഷ്യജീവിതം സമർപ്പിക്കപ്പെടുന്ന നടപടിയുമാണത്. ബഹുദൈവാരാധനയുടെ നിഷ്ഫലതയും ബഹുദൈവാരാധനക്ക് ആധാരമായി ഉന്നയിക്കപ്പെടുന്ന തത്ത്വങ്ങളുടെ നിരർഥകതയും ഇതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഉപകാരമോ ഉപദ്രവമോ ചെയ്യാനാവാത്തതിനെയാണ്

ബഹുദൈവവിശ്വാസികൾ ആരാധിക്കുന്നത്. ഇതുതന്നെ ആ നടപടിയുടെ മൗഢ്യം വ്യക്തമാക്കുന്നു. ഔദാര്യം ചെയ്യാനും അനുഗ്രഹിക്കാനും പീഡിപ്പിക്കാനും ശിക്ഷിക്കാനും കഴിവുള്ളതും തന്നെക്കാൾ ഉന്നതവുമായ ശക്തിയെയാണ് മനുഷ്യൻ ആരാധിക്കേണ്ടത്. അനുഗ്രഹ ലാഭവും ശിക്ഷയിൽനിന്നുള്ള രക്ഷയുമാണ് ആരാധനയുടെ -ഇബാദത്തിന്റെ- ലക്ഷ്യം. വിഗ്രഹാരാധകർ ഇബാദത്തു ചെയ്യുന്നത് ഇതു രണ്ടിനും കഴിവില്ലാത്തവരെയാണ്. ഇക്കാര്യം അവർക്കുതന്നെ അറിയാം. തങ്ങൾ ആരാധിക്കുന്ന മൂർത്തികൾ, അത് വിഗ്രഹങ്ങളാകട്ടെ മറ്റ് അചേതന-സചേതന സൃഷ്ടികളാവട്ടെ, നേരിട്ടു തങ്ങളെ ശിക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യുന്നില്ല എന്ന് അവർക്കനുഭവവേദ്യമാണ്. എന്നിട്ടും അവരവയെ ആരാധിക്കുന്നുവെന്നത് എത്ര പരിതാപകരമായ മൗഢ്യമാണ്!

ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തത് -مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ- എന്നു പറഞ്ഞത് കല്ലുകൊണ്ടും ലോഹങ്ങൾകൊണ്ടും നിർമിച്ച വിഗ്രഹങ്ങളെമാത്രം ഉദ്ദേശിച്ചല്ല. ജിന്നുകൾ, മലക്കുകൾ, ജീവിച്ചിരിക്കുന്നവരും അല്ലാത്തവരുമായ പുണ്യാത്മാക്കൾ, ഭൂത-പ്രേതാദികൾ തുടങ്ങിയവയെ കൂടി ഉദ്ദേശിച്ചാണ്. അചേതന വസ്തുക്കൾക്ക് പ്രകൃത്യാതന്നെ സ്വന്തം നിലയിൽ സഹായിക്കാനോ ദ്രോഹിക്കാനോ കഴിയില്ല എന്നിരിക്കെ പ്രകൃത്യാതീതമായ രക്ഷാ ശിക്ഷകൾ അവയിൽനിന്ന് ഒട്ടും പ്രതീക്ഷിച്ചുകൂടാത്തതാണ്. സചേതന സൃഷ്ടികളുടെ പ്രകൃതിയിൽ പരസ്പരം ഭൗതികമായ സഹായങ്ങളും ദ്രോഹങ്ങളും ചെയ്യാനുള്ള കഴിവുണ്ട്. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് അത്തരം സ്വാഭാവികമായ ദ്രോഹങ്ങളോ സഹായങ്ങളോ അല്ല; ആത്മീയവും അഭൗതികവുമായ ഉപകാരങ്ങളും ഉപദ്രവങ്ങളുമാണ്. അത് അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ടതാണ്. അവനോട് മാത്രമാണ് അതാവശ്യപ്പെടേണ്ടത്.

രക്ഷാ ശിക്ഷകളുടെ യഥാർഥ നാഥൻ അല്ലാഹുവാണെന്ന സത്യം മൗലികമായി ബഹുദൈവവിശ്വാസികളും സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് ബഹുദൈവാരാധനയെ അവർ ന്യായീകരിക്കുക ഇങ്ങനെയാണ്: രക്ഷാ ശിക്ഷകളുടെ യഥാർഥ നാഥൻ ഏകനായ സാക്ഷാൽ ദൈവമാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ആ പരമേശ്വരൻ തന്റെ പങ്കാളികളും സഹായികളുമായി ചില ശക്തികളെ അംഗീകരിച്ചിട്ടുണ്ട്. തന്റെ കഴിവുകളും അധികാരങ്ങളും കുറെയൊക്കെ അവൻ അവരുമായി പങ്കുവെച്ചിരിക്കുന്നു. ഭൂമിയുടെയും മനുഷ്യരുടെയും കാര്യങ്ങൾ ഏൽപിക്കപ്പെട്ടവരെയാണ് ഞങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നത്. അവരെ ആരാധിച്ച് പ്രീതിപ്പെടുത്തി, അവരുടെ മാധ്യസ്ഥത്തിലൂടെ മാത്രമേ നമുക്ക് സാക്ഷാൽ ദൈവത്തോടടുക്കാൻ കഴിയൂ. مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ (അവർ ഞങ്ങളെ അല്ലാഹുവിലേക്ക് കുറച്ചടുപ്പിച്ചു തരുന്നതിനുവേണ്ടിമാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നത് - 39: 3). അവരുടെ ശിപാർശയെ ആശ്രയിച്ചിരിക്കുന്നു ഞങ്ങളുടെ സുഖദുഃഖങ്ങൾ. هَٰؤُلَاءِ شُفَعَاؤُنَا عِندَ اللَّهِ (ഈ ആരാധ്യരാണ് അല്ലാഹുവിങ്കൽ ഞങ്ങളുടെ ശിപാർശകർ).

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു നിലനിർത്തുന്ന ശക്തി (ദൈവം) ഏകനാണ് എന്ന സത്യത്തെക്കുറിച്ച് പഴയകാലത്തെ ബഹുദൈവാരാധകരെക്കാൾ കൂടുതൽ ബോധവാന്മാരാണ് ആധുനിക ബഹുദൈവ വിശ്വാസികൾ. ദൈവത്തിന് ഉപദേശകരോ ശിപാർശകരോ സഹായികളോ ഒന്നും ആവശ്യമില്ലെന്നും അവർക്കറിയാം. എങ്കിലും പാരമ്പര്യമായി വിശ്വസിച്ചു വരുന്ന ബഹുദൈവങ്ങളെയും അവക്കുള്ള ഉപാസനകളെയും കൈയൊഴിയാൻ ആളുകൾ തയാറല്ല. അതുകൊണ്ട് ഇക്കാലത്ത് ദൈവത്തിന്റെ ഏകത്വം അംഗീകരിക്കുന്നതോടൊപ്പം ബഹുദൈവത്വം ആചരിക്കുന്നതിനെ സാധൂകരിക്കാൻ പരക്കെ ഉന്നയിക്കപ്പെടുന്നത് മറ്റൊരു കുത്സിതതന്ത്രമാണ്. ബഹുദൈവങ്ങളായി ആരാധിക്കപ്പെടുന്നത് യഥാർഥത്തിൽ ബഹുദൈവങ്ങളല്ല; ഒരേ ദൈവത്തിന്റെ തന്നെ പല പേരുകളും രൂപങ്ങളും ഭാവങ്ങളുമാണ്. പലതായി ആരാധിക്കപ്പെടുന്നത് ഏകദൈവം തന്നെയാണ്. ദൈവദാസന് ദൈവത്തെ അവന്റെ എല്ലാ മുഖങ്ങളിലൂടെയും സമീപിക്കാം. ഏതു മുഖത്തെ ആരാധിച്ചാലും അവനെ പ്രാപിക്കാൻ കഴിയും. പ്രത്യക്ഷത്തിൽ ഉദാരമായ ഒരു തത്ത്വമായി തോന്നുമെങ്കിലും ബഹുദൈവാരാധനയുടെ യുക്തിശൂന്യത നികത്താനുള്ള പാഴ്ശ്രമം മാത്രമാണിത്. അനിഷേധ്യമായ സത്യം ഇതാണ്: അല്ലാഹുവല്ലാത്തവരുടെ ഭക്തന്മാർ ആരാധിക്കുന്നത് ആ ആരാധ്യരുടെ മഹത്വത്തെയും ശക്തിയെയുമാണ്. അവർ തേടുന്നത് ആ പ്രത്യേക മൂർത്തികളുടെ അനുഗ്രഹവും സംരക്ഷണവുമാണ്. തന്റെ ഭാഗധേയം നിർണയിക്കുന്നത് ആ മൂർത്തികളാണ്, അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അതിൽ അവർക്ക് ഗണ്യമായ പങ്കുണ്ട് എന്ന വിശ്വാസമാണ് അതിന്റെ പ്രചോദനം. ഇതിനെയാണ് ഖുർആൻ ഖണ്ഡിതമായി നിഷേധിക്കുന്നത്.

ഇവിടെ വിഗ്രഹാരാധകർ വാദിക്കുകയും ഖുർആൻ നിഷേധിക്കുകയും ചെയ്യുന്നത് വിഗ്രഹങ്ങളുടെയും മറ്റ് ദുഷ്ട ശക്തികളുടെയും രക്ഷാ ശിക്ഷകളും ശിപാർശയുമാണെന്നും, എന്നാൽ ദൈവപ്രീതിനേടിയ പുണ്യാത്മാക്കളിൽനിന്ന് അതെല്ലാം പ്രതീക്ഷിക്കാവുന്നതാണെന്നും മുസ്‌ലിംകളിൽ ചിലർ പറയുന്നുണ്ട്. ഈ അന്ധവിശ്വാസമാണ് പുണ്യാത്മാക്കളോടുള്ള പ്രാർഥനക്കും ഖബ്റാരാധനക്കും ആധാരം. പുണ്യാത്മാക്കൾ അല്ലാഹുവിൽ സ്വാധീനമുള്ളവരാണെന്നോ മനുഷ്യരുടെ ഭാഗധേയം കൈയാളുന്നതിൽ അവന്റെ പങ്കാളികളാണെന്നോ ആരാധനയർഹിക്കുന്നവരാണെന്നോ ഖുർആൻ എവിടെയും സൂചിപ്പിച്ചിട്ടില്ല. അത്തരം സങ്കൽപങ്ങളെ സ്പഷ്ടമായി നിഷേധിക്കുന്ന പ്രസ്താവനകളുണ്ടുതാനും. അതിശ്രേഷ്ഠനായ പുണ്യപുരുഷനാണല്ലോ ഈസാ(അ). അദ്ദേഹത്തെ ആരാധിക്കുന്നവരാണ് ക്രൈസ്തവർ. ഈ നടപടിയെ വിമർശിക്കുന്ന ഖുർആൻ, അന്ത്യനാളിൽ സാക്ഷാൽ ഈസാ(അ) തന്നെ അവരെ തള്ളിപ്പറയുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സമീപസ്ഥർ -مقرّبون- ആണ് മലക്കുകൾ. മലക്കുകളെ ആരാധിക്കുന്നവരെയും ഖുർആൻ നിശിതമായി വിമർശിച്ചിരിക്കുന്നു. സൃഷ്ടി എത്ര പുണ്യവാനും പരിശുദ്ധനുമായാലും ശരി, അല്ലാഹുവിനു തുല്യനാവുകയോ അവന്റെ അധികാര ശക്തികളിൽ പങ്കാളിയാവുകയോ ചെയ്യുകയില്ല. ഏതെങ്കിലും ദുഷ്ടനോ ശിഷ്ടനോ അങ്ങനെ ആയിത്തീരുന്നുവെന്ന സങ്കൽപമാണ് ബഹുദൈവത്വം അഥവാ ശിർക്ക്.

സ്വന്തം നിലയിൽ അല്ലാഹുവിനോട് ശിപാർശ ചെയ്ത് കാര്യങ്ങൾ നടത്തിക്കാൻ അധികാരമുള്ള ഒരു ശക്തിയും പ്രപഞ്ചത്തിലെങ്ങുമില്ല എന്ന് അസന്ദിഗ്ധമായി വ്യക്തമാക്കുകയാണ് .........قُلْ أَتُنَبِّئُونَ اللَّهَ എന്നു തുടങ്ങുന്ന വാക്യം. ശിപാർശകരുണ്ടെങ്കിൽ അവരെ നിശ്ചയിക്കേണ്ടതും അധികാരം നൽകേണ്ടതും അല്ലാഹുവാണ്. സാക്ഷാൽ ദൈവം ഏകദൈവമാണെന്ന് നിങ്ങളും സമ്മതിക്കുന്നുണ്ടല്ലോ. അപ്പോൾ എല്ലാറ്റിന്റെയും ആത്യന്തികമായ ഉറവിടം അവനാണ്. അവന്റെ അറിവും അനുവാദവുമില്ലാതെ യാതൊന്നും ഉണ്ടാകുന്നില്ല. പ്രപഞ്ചത്തിൽ തന്റെ സൃഷ്ടികൾക്കുവേണ്ടി തന്നോട് ശിപാർശ ചെയ്യാൻ അവൻ ആരെയും നിശ്ചയിച്ചിട്ടില്ല. താൻ നിശ്ചയിക്കാതെ ആരെങ്കിലും ആ സ്ഥാനം നേടിയതായി അവന്നറിവുമില്ല. ഈ ആരാധ്യർ അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ശിപാർശകരാണെന്ന് പറഞ്ഞുകൊണ്ട് ഇക്കൂട്ടർ അല്ലാഹുവിന്നറിഞ്ഞുകൂടാത്ത ചില

പ്രാപഞ്ചിക രഹസ്യങ്ങൾ അവനെ പഠിപ്പിക്കാൻ ശ്രമിക്കുകയാണോ? എന്നാൽ ശിപാർശകരും സഹായികളുമായ പങ്കാളികൾ ആവശ്യമുള്ളത് സ്വയം സമ്പൂർണരല്ലാത്ത നിമ്നവും വികലവുമായ ശക്തികൾക്കാണ്. അല്ലാഹുവാകട്ടെ, തന്നിൽതന്നെ സമ്പൂർണനും അത്യുന്നതനും അതീവ പരിശുദ്ധനുമാണ്. അവന്റെ അടിമകളുടെ സഹായവും സ്വാധീനവും അവനിൽ ചേർക്കുന്നത് അവന്റെ പരിശുദ്ധിയെയും പരിപൂർണതയെയും നിഷേധിക്കലാകുന്നു.

**19:** ഏകദൈവത്വത്തിന്റെ ചരിത്രപരമായ സാക്ഷ്യമാണിത്. മനുഷ്യരിൽ ആദ്യം ഉണ്ടായിരുന്നത് ഏകദൈവവിശ്വാസമായിരുന്നു. മനുഷ്യപ്രകൃതിയുടെ താൽപര്യമാണത്. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ സാക്ഷ്യപ്പെടുത്തുന്നതും അതാണ്. ചരിത്രകാരന്മാരും സാമൂഹിക ശാസ്ത്രജ്ഞരും മനുഷ്യരിൽ ആദ്യം ഉടലെടുത്തത് ബഹുദൈവ വിശ്വാസമാണ് എന്ന് വാദിച്ചിരുന്നു. ബഹുദൈവവിശ്വാസം വികസിച്ച് ക്രമേണ ഏകദൈവവിശ്വാസത്തിലെത്തിയതാണ്. മതവും ദൈവവിശ്വാസവും ജീവിത സാഹചര്യങ്ങളുടെ ഉൽപന്നം മാത്രമാണ് എന്ന തെറ്റിദ്ധാരണയുടെ അടിത്തറയിൽ കെട്ടിപ്പടുത്തതാണ് ഈ സിദ്ധാന്തം. പക്ഷേ, ഏറ്റവും പുതിയ ചരിത്ര ഗവേഷണങ്ങളും സാമൂഹിക ചിന്തകളും ഈ സിദ്ധാന്തത്തെ നിഷേധിക്കുന്നുണ്ട്. പൗരാണിക നാഗരികതകളുടെ കേന്ദ്രങ്ങളായ മെസപ്പൊട്ടോമിയ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിൽ ചരിത്രാതീതകാലത്ത് നിലവിലുണ്ടായിരുന്നത് ഏകദൈവവിശ്വാസമായിരുന്നു എന്നതിന്റെ തെളിവുകളാണ് പുതിയ ഉത്ഖനനങ്ങളിൽ കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. ഖുർആൻ പറയുന്നതും അതുതന്നെയാണ്. ആദിയിൽ മനുഷ്യരെല്ലാം ഏകദൈവത്തിൽ വിശ്വസിക്കുന്നവരും ഒരേ മതക്കാരും സമുദായക്കാരുമായിരുന്നു. അവർ ഭിന്ന വിശ്വാസികളും മതക്കാരുമായി വേർതിരിഞ്ഞത് പിന്നീടാണ്.

അതായത്, ബഹുദൈവവിശ്വാസം ഏകദൈവവിശ്വാസമായി പരിണമിക്കുകയായിരുന്നില്ല. ഏകദൈവവിശ്വാസം ബഹുദൈവവിശ്വാസമായി ശിഥിലമാവുകയായിരുന്നു. നേരത്തെ സൂറ *അൽബഖറ* 213-ാം സൂക്തത്തിലും *ആലുഇംറാൻ* 19-ാം സൂക്തത്തിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. മനുഷ്യർ ഭിന്നിച്ചതിന്റെ അടിസ്ഥാനകാരണം, അവർക്കിടയിൽ ഉടലെടുത്ത പകയും പോരുമായിരുന്നുവെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട് *അൽബഖറ* 213-ാം സൂക്തത്തിന്റെ അർഥം ഇങ്ങനെ വായിക്കാം: ആദിയിൽ മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. പിന്നീടവർ ഭിന്നിച്ചപ്പോൾ സന്മാർഗാചരണത്തിന്റെ ശുഭപര്യവസാനമറിയിക്കുന്നവരായും ദുർമാർഗാചരണത്തിന്റെ കെടുതികളെക്കുറിച്ചു താക്കീതു ചെയ്യുന്നവരായും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചയച്ചു. ധർമവിഷയത്തിൽ ജനത്തിനിടയിൽ ഉടലെടുത്തിരുന്ന ഭിന്നിപ്പുകളിൽ തീർപ്പുകൽപിക്കുന്നതിന്നായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചു. നേരത്തെ ധർമജ്ഞാനം നൽകപ്പെട്ടവർ തന്നെയാണ് ഭിന്നിച്ചിരുന്നത്. സുവ്യക്തമാർഗദർശനം ലഭിച്ച ശേഷവും തങ്ങൾക്കിടയിലെ പോരു നിമിത്തം അവർ സത്യസരണി തള്ളിക്കളഞ്ഞു ഭിന്നമാർഗങ്ങൾ കൈക്കൊള്ളുകയായിരുന്നു. അപ്പോൾ പ്രവാചകന്മാരിൽ വിശ്വസിച്ചവരെ അല്ലാഹു അവന്റെ ഹിതത്താൽ അവർ ഭിന്നിച്ചു പോയിരുന്ന സത്യസരണിയിലേക്കു തന്നെ നയിച്ചു. അല്ലാഹു അവനിച്ഛിക്കുന്നവരെ നേരായ പാതയിലേക്കു നയിക്കുന്നു" (വിശദീകരണം *ഖുർആൻ ബോധനം അൽ ബഖറ* 213-ാം സൂക്തത്തിനും *ആലുഇംറാൻ* 19-ാം സൂക്തത്തിനും താഴെ കാണുക). ■